**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനാശ്രിത സമൂഹത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് കേന്ദ്ര വന സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകികൊണ്ട് കേന്ദ്ര വനസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്ന പുതിയ ചട്ടമാണ് 28.06.2022 - ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വന (സംരക്ഷണ) ചട്ടം 2022. മേൽ ചട്ടത്തിൽ ആദിവാസി ഭൂമിയും വിഭവങ്ങളും ചൂഷണം ചെയ്യുന്നതിന് അവസരം നൽകുന്ന രീതിയിലുള്ള വ്യവസ്ഥകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഈ സാഹചര്യം തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിതമാക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിതമാക്കുന്നതിനുവേണ്ടി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | വനമേഖലയിലെ വിഭവശേഖരണത്തിന് പട്ടികവർഗ വിഭാഗങ്ങൾക്കുള്ള അവകാശം നിലനിർത്തുന്നതിനും വനമേഖലയുമായി ബന്ധപ്പെട്ട അറിവുകൾ പൈതൃക സ്വത്തായി തന്നെ നിലനിർത്തുന്ന വിധത്തിൽ വനാശ്രിത സമൂഹത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വനങ്ങളിൽ നിന്നും ലഭ്യമായ ചെറുകിട വനവിഭവങ്ങളുടെ ശേഖരണമാണ് ആദിവാസികളുടെ ജീവനോപാധിയും വരുമാനവും 2006-ലെ വനാവകാശ നിയമ (The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചു പോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കും മേൽ നിബന്ധനകളോടുകൂടി അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കുന്നു. വനാവകാശ നിയമത്തിലെ സാമൂഹിക അവകാശ പ്രകാരം വനത്തിനുള്ളിൽ നിന്നും ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വില്പന |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുമുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാണ്. വനമേഖലയുമായി ബന്ധപ്പെട്ട് പട്ടികവർഗവിഭാഗങ്ങളുടെ പൈതൃകമായ അറിവുകൾ കൂടി ഉൾകൊള്ളിച്ചാണ് വനവിഭവ ശേഖരണം, വനസംരക്ഷണം, വനപരിപാലനം എന്നിവ നടപ്പിലാക്കി വരുന്നത്. ആയതിനാൽ വനമേഖലയുമായി ബന്ധപ്പെട്ട അറിവുകൾ പൈതൃകസ്വത്തായി തന്നെ നിലനിർത്തുവാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വനാശ്രിത സമൂഹത്തിൻറെ ക്ഷേമത്തിനായി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം മുതലായവ വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതിയിൻകീഴിൽ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം, നഗരപ്രദേശങ്ങളിൽ വനാവരണം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി നടത്തി വരുന്നു. ഇതിലൂടെ സമിതിയിലെ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നു.

തടിയിതര വനവിഭവങ്ങളുടെ വില്പനയ്ക്കായി വനംവകുപ്പ് ആരംഭിച്ച വിപണന ശൃംഖലയാണ് "വനശ്രീ" . ഇതിനായി FDA-കളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു. വനമേഖലയിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ദീർഘകാലം കേട് കൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്തോട് കൂടെ കൂടുതൽ കാര്യക്ഷമതയോട് കൂടി മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതു വഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ അവസരങ്ങളും, വരുമാനവും വനശ്രീ" മുഖാന്തരം ലഭിക്കുന്നു.

കേന്ദ്ര സർക്കാർ ഏജൻസിയായ TRIDFED ൻറെയും സംസ്ഥാന സർക്കാരിൻറെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for M F P പദ്ധതി പ്രകാരം വനാശ്രിത സമൂഹം വനങ്ങളിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകി ന്യായമായ വില സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടിയും കൂടാതെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്. ആയത് ടി സമിതികൾ വഴി നടപ്പാക്കുകയും ചെയ്യുന്നു.

കൂടാതെ, പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു.

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്ത്വത്തിൻ കീഴിൽ സംസ്ഥാനത്ത് നിലവിൽ 6 0 ഇടങ്ങളിൽ വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികൾക്കാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിൻറെയും പദ്ധതി പ്രദേശങ്ങളുടെ പരിപാലനത്തിൻറെയും ചുമതല. ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷക്കായും, പദ്ധതി പ്രദേശത്തിൻറെ പരിപാലനത്തിനും സംരക്ഷണത്തിനുമായി വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതുവഴി വനാശ്രിതരായ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു